പാവന്നൂർ പുഴയിലെ പാലം

63 [106] ശ്രീ. കെ.സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട പാവന്നൂർ പുഴയിലെ പാലത്തിന് തുണാനുമതിക്കായി ഗവൺമെൻറിനെ സമീപിച്ചിട്ടുണ്ടോ;

(ബി) ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യത്തിൽ നടപടികളൊന്നും ആരംഭിച്ചിട്ടില്ല.

പാലക്കാട്ടെ ഗതാഗത സൗകര്യം

64 [109] ശ്രീ. ഇ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്ടെ വ്യവസായമേഖലയായ പുതുശ്ശേരി പ്രദേശത്തെ പാലക്കാട് റെയിൽവേ ജംഗ്ഷനുമായി ബന്ധിപ്പിക്കുന്ന പുതിയ റോഡിന്റെ അംഗീകാരം സർക്കാർ നൽകിയിട്ടുണ്ടോ;

(ബി) വ്യാവസായിക വികസനത്തിന് അനുപേക്ഷണീയമായ ഈ റോഡ് മുൻഗണനാടിസ്ഥാനത്തിൽ അംഗീകാരം നൽകി പണി തുടങ്ങുവാൻ സർക്കാർ സന്നദ്ധമാകുമോ?

ഉത്തരം

(എ) പാലക്കാട് റെയിൽവേ ജംഗ്ഷനേയും പുതുശ്ശേരിയേയും ബന്ധിപ്പിക്കുന്ന പുതിയ റോഡുകളൊന്നും പൊതുമരാമത്ത് വകുപ്പ് ഏറെടുത്തിട്ടില്ല. ലെവൽക്രോസും കഞ്ചിക്കോടും ബന്ധിപ്പിക്കുന്ന നിലവിലുള്ള റോഡ് (മലമ്പുഴ വഴി) ഒരു പഞ്ചായത്ത് റോഡാണ്.

(ബി) ഏറെടുക്കപ്പെട്ട പണികൾക്കുതന്നെ വമ്പിച്ച സാമ്പത്തിക ബാദ്ധ്യതയുള്ളതിനാലും മേൽപറഞ്ഞ പഞ്ചായത്ത് റോഡ് ഏറെടുക്കുന്നതിന് ഈ വർഷത്തെ ബഡ്ജറിൽ വക ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാലും റോഡ് ഉടനെ ഏറെടുത്ത് പണി നടത്തുവാൻ പ്രയാസമുണ്ട്.

കുണ്ടറയിൽ സബ് ട്രഷറി

65 [132] ശ്രീ. തോപ്പിൽ രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കുണ്ടറയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന സബ് ട്രഷറി എന്ന് ആരംഭിക്കും;

(ബി) ഇതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) കുണ്ടറ സബ് ട്രഷറി ആരംഭിക്കുന്ന തീയതി നിശ്ചയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly